LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല.

(ബി സംസ്ഥാനത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് ക്രമപ്പെടുത്തുന്നതിനും അങ്ങനെയുള്ള കെട്ടിടങ്ങളുടെ വാടക നിയന്ത്രിക്കുന്നതിനും കെട്ടിട ഉടമസ്ഥൻമാരുടെയും വാടകക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ച് 1965-ലെ കേരള ബിൽഡിംഗ് (ലീസ്&കൺട്രോൾ) ആക്ടിന് ഭേദഗതി വരുത്തുന്നതിനായി സർക്കാരിന്റെ ഭവന നിർമ്മാണ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

ആസ്തി വികസന പദ്ധതികൾക്ക് പണം

208 (3415) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച അമ്പലപ്പുഴ മണ്ഡലത്തിലെ എത്ര പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിച്ചുവെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് പണം അനുവദിച്ചുവെന്നും, ഏതെല്ലാം പ്രവൃത്തികൾക്ക് പണം ഡിപ്പോസിറ്റ് ചെയ്യാനുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

13 പ്രവൃത്തികൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മങ്കട പ്രസ്സ് ഫോറത്തിന് ടം

209 (3416) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മങ്കട ടൗണിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞ് കിടക്കുന്ന മുറി മങ്കട പ്രസ്സ് ഫോറത്തിന് സൗജന്യമായി വിട്ടുനൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ നടപടിക്രമങ്ങളും അനുകൂലമായി പൂർത്തിയായിട്ടും മങ്കട പ്രസ്സ് ഫോറത്തിന് പ്രസ്തുത മുറി വിട്ട് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.